# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3126** | **13/03/2017-ൽ മറുപടിയ്ക്ക്**

## പച്ചക്കറി സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വലിയതോതിൽ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ ഇവ സംഭരിക്കുന്നതിന് ആരും തയ്യാറാകാത്തത് കാരണം പച്ചക്കറികൾ കേടായി നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറി, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികൾ, പച്ചക്കറി ക്ലസ്റ്ററുകളുടെ വിപണനശാലകൾ എന്നിവ മുഖേന സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്തുവരുന്നു. എന്നാൽ ചില സീസണിൽ ചില ഇനം പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കുന്നത് മൂലം വിപണനത്തിന് ബുദ്ധിമുട്ട് കർഷകർക്ക് അനുഭവപ്പെടുന്നതുമൂലം ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് സൗജന്യനിരക്കിൽ ഉപഭോക്താക്കൾക്കും പൊതുസ്ഥാപനങ്ങൾക്കും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ജയിൽ, അനാഥാലയങ്ങൾ എന്നിവയ്ക്കും സൗജന്യമായും നൽകിയിരുന്നു. ആവശ്യാധിഷ്ഠിതമായി വർഷം മുഴുവനും ഉല്പാദനം ക്രമീകരിയ്ക്കുന്നതിനായി ഒരു ക്രോപ്പ് കലണ്ടർ തയ്യാറാക്കി വരികയാണ്. |
| ബി) പച്ചക്കറികൾ കർഷകരിൽ നിന്ന് യഥാസമയം ന്യായമായ വിലയ്ക്ക് സംഭരിക്കുന്നതിനും അവ കേടാകാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ; | ബി) ഏർപ്പെടുത്തുന്നതാണ്. |

(contd............2)

| | |
|---|---|
| സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ? | സി) 1. പച്ചക്കറികൾ കൃഷയിടങ്ങളിലെ ശുദ്ധതയോടെയും ഗുണമേന്മയോടെയും ഉപഭോക്താവിന്റെ കൈകളിൽ എത്തിക്കുന്നതിന്, സംസ്ഥാനത്ത് അനുയോജ്യമായ ഒരു ശീതീകരണ ശൃംഖല സംബന്ധിച്ച പഠനത്തിന് NABCONS എന്ന നബാർഡിന്റേതായ ഒരു സ്ഥാപനത്തിന് അനുമതി നൽകാനുദ്ദേശിക്കുന്നു.<br>2. സംസ്ഥാനത്തെ കൃഷി വകുപ്പിന് കീഴിലുള്ള 6 കാർഷിക മൊത്തവ്യാപാര വിപണികളിലുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം, ഹോർട്ടികോർപ്പിന് കൂടി ഉപയോഗപ്രദമാക്കി പച്ചക്കറികൾ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ അപേഡയുടെ ധനസഹായത്തോടെ വയനാട്ടും തൃശ്ശൂരും പണി തീർന്ന് വരുന്ന പാക്ക് ഹൗസുകളിൽ 20 ടൺ സംഭരണ ശേഷിയുള്ള ശീതീകരണ സംഭരണി ഒരുക്കിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ